"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - തിരുവനന്തപുരം ജില്ല - ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ ഗവ.യു.പി.എസ് മുടപുരം, ജി.എൽ.പി.എസ് തോന്നയ്ക്കൽ, ജി.യു.പി.എസ് പാലവിള എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങിയ ഇനത്തിൽ ചെലവായ തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3876/2023/GEDN    തീയതി,തിരുവനന്തപുരം, 30-06-2023

---

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17/10/2022 ലെ ഡി6/3106/2022 നമ്പർ ഉത്തരവ്
4. സ.ഉ(സാധാ) നം. 7887/2022/പൊ.വി.വ, തീയതി 12/12/2022
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/05/2023 ലെ ബി2/8206/2023/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

ബഹു. ചിറയിൻകീഴ് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ (2022-23) നിന്നും ഗവ.യു.പി.എസ് മുടപുരം, ഗവ.എൽ.പി.എസ് തോന്നയ്ക്കൽ, ഗവ.യു.പി.എസ് പാലവിള എന്നീ സ്കൂളുകൾക്ക് 4202-01-800-84- project under LAC-ADS other project — NP എന്ന ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിനായി 82,05,040/- (എൺപത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി നാല്പത് രൂപ മാത്രം) രൂപ അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനത്തിൽ ട്രഷറിയിൽ നിന്നും ബില്ലുകൾ ക്യൂവിലേയ്ക്ക് മാറിയതിനാൽ തുക മാറി നൽകുവാൻ സാധിച്ചില്ലായെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരിക്കുന്നതായും ആയതിനാൽ ടി തുക ഈ സാമ്പത്തിക വർഷം മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ ഗവ.യു.പി.എസ് മുടപുരം, ഗവ.എൽ.പി.എസ് തോന്നയ്ക്കൽ, ഗവ.യു.പി.എസ് പാലവിള എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിലേക്കായി 82,05,040/- (എൺപത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി നാല്പത് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം 4202-01-800-84- project under LAC-ADS other project — NPഎന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച്

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba Jayadevan
Date: 30-06-2023 14:48:48
സെക്ഷൻ ഓഫീസർ